## Kurukkanpara (presently Greenpark)

The area allocated for waste management must be strictly utilised for scientific waste management programmes. It is when this is not followed, that the surrounding bio-existence becomes oppressive and the common men become adverse to the traditional waste management processes. This can be proved with examples from Kunnamkulam Municipality.

A review meeting comprising of 31 municipal secretaries was held at an old trenching yard at Kurukkanpara (presently Greenpark) on 24.01.2020. Once, this was a place where the neighbourhood people could not eat food without lighting incense sticks or perfumes, and it was difficult to enter the trenching yard without covering your nose with hands. The review meeting was conducted when the waste was being treated as usual on one side. But the cozy corners in the green park was comfortable for the officials to make a fruitful discussion on the development and the problems faced by their respective LSGIs. Normally, such meetings are conducted in assembly halls with classy ambience and amenities. We don't believe that meetings of this kind must be held in such waste management hubs. But it is a vivid example to prove that we have such hygienic, high quality waste management hubs which are not abhorrent and repugnant ones. It once again exhorts that we are on the right path.

## കുറുക്കൻ പാറയിലെ മാലിന്യ സംസ്കരണ കേന്ദ്രം

## ഇപ്പോൾ നഗരകാര്യ വകുപ്പിന്റെ അവലോകന വേദി

കുന്നംകുളം:- മൂന്ന് വർഷം മുമ്പ് നാട്ടുകാർ പോലും തിരിഞ്ഞു നോക്കാൻ മടിച്ചിരുന്ന കുറുക്കൻ പാറയിലെ ട്രെഞ്ചിങ് ഗ്രൗണ്ട് വെള്ളിയാഴ്ച നഗരകാര്യ വകുപ്പിന്റെ മധ്യമേഖലാതല അവലോകന വേദിയായി. തൃശ്ശൂർ, പാലക്കാട്, എറണാകുളം, ഇടുക്കി ജില്ലകളിലെ രണ്ട് കോർപ്പറേഷനുകളിലേയും 28 നഗരസഭകളിലെയും ഉദ്യോഗസ്ഥരാണ് ഇവിടെ ഒത്തു ചേർന്നത്.

നഗരസഭയുടെ രേഖകളിലെല്ലാം കുറുക്കൻ പാറയിപ്പോൾ ഗ്രീൻപാർക്കാണ്. ഇതിനെ അർത്ഥവത്താക്കുന്ന രീതിയിലാണ് ഇവിടെയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ. ഇത് പരിചയപ്പെടുത്താനുള്ള വേദി കൂടിയാണ് മധ്യമേഖലാ അവലോകന യോഗത്തോടൊപ്പം ഒരുക്കിയത്.

മേഖലാ ജോയിന്റ് ഡയറക്ടർ ആർ.എസ്. അനുവിന്റെ അദ്ധ്യക്ഷതയിലായിരു ന്നു യോഗം. ജൈവ, അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി വേർതിരിച്ച് സംസ്കരിക്കുന്ന കേന്ദ്രത്തിലെ യോഗത്തിലും പ്രധാന ചർച്ച വിവിധ നഗരസഭകളിലെ മാലിന്യ സംസ്കരണമായിരുന്നു. നഗരസഭകൾ മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാധാന്യം നൽകണമെന്നായിരുന്നു ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശം.

പ്ലാസ്റ്റിക്, ഫ്ലക്സ്, പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളൽ എന്നിവയ്ക്കുള്ള വിരോധനം കർശനമാക്കണമെന്നും തീരുമാനിച്ചു. അവലോകന യോഗം നഗരസഭാ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി.എം. സുരേഷ്, സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ കെ.കെ. മുരളി, സുമാ ഗംഗാധരൻ, ഗീതാ ശശി, കെ.കെ. ആനന്ദൻ എന്നിവർ പ്രസംഗിച്ചു.

നാല് ജില്ലകളിൽ നിന്ന് 30 പേരാണ് യോഗത്തിൽ പങ്കെടുത്തത്. ജൈവമാലിന്യങ്ങൾ വളമാക്കലും പ്ലാസ്റ്റിക് പൊടിച്ച് പുനരുപയോഗിക്കാൻ കഴിയുന്ന തരത്തിലാക്കലുമാണ് ഗ്രീൻ പാർക്കിൽ പ്രധാനമായും നടക്കുന്നത്. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കുന്നതും ഇവിടെയാണ്.

നഗരസഭാ സെക്രട്ടറി കെ.കെ. മനോജ്, ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വി. മനോജ് കുമാർ, ഹെൽത്ത് സൂപ്പർവൈസർ കെ.എസ്. ലക്ഷ്മണൻ എന്നിവർ പദ്ധതി വിശദീകരിച്ചു. ഓരോ യൂണിറ്റിന്റെയും രൂപവത്കരണവും പ്രവർത്തന ശൈലിയും യോഗത്തിനെത്തിയ ഉദ്യോഗസ്ഥർ ചോദിച്ചറിഞ്ഞു.

മാലിന്യം തള്ളിയിരുന്ന അതേ സ്ഥലമാണ് ഉന്നതതല യോഗങ്ങൾ നടത്താൻ കഴിയുന്ന രീതിയിലേയ്ക്ക് മാറ്റാനായത്. ഇതിന് പിന്നിൽ പ്രവർത്തിച്ച ഭരണ സമിതിയെയും ഉദ്യോഗസ്ഥരെയും വിവിധ യൂണിറ്റുകളിലെ അംഗങ്ങളെയും അനുമോദിച്ചു.